**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സീമകെ യെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2461/2019/ത.സ്വ.ഭ.വ** **തീയതി,തിരുവനന്തപുരം, 05/11/2019**

---

പരാമർശം : 1. 25.11.2005 ലെ GO(p) No. 501/2005/Fin ഉത്തരവ്

2. 05.03.2016 ലെ 19/2016/ധന നമ്പർ സർക്കുലർ

3. ബഹു. കേരള ഹൈക്കോടതിയുടെ 18.09.2018 ലെ WP(C) No.22100/2018 നം. വിധിന്യായം.

4. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2018 തീയതിയിലെ ഇ 9-PAN/22528/2018-E9(DP)നമ്പർ കത്ത്.

5. 23.10.2019 ലെ CC 276/19 നമ്പർ നോട്ടീസ്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തു വരുന്ന ശ്രീമതി സീമകെ ടിയാളെ ടി പഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ഫയൽ ചെയ്തിരുന്ന WP(C) 22100/2018 നമ്പർ ഹർജിയിൽ പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം നിർദേശിച്ചു

".........the writ petition is disposed of, directing the first respondent to consider the request of the Panchayat contained in Exts.P5 and P11 letters and pass orders in tune with the aforesaid Government Orders on regularization of part time sweeper including Government Order issued on 25.11.2005, within a period of 'three months' from the date of receipt of a copy of the judgment. On such regularization, the petitioner shall be granted all consequential benefits within a further period of 'three months' "

2. പരാമർശം (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ പറയും പ്രകാരം അറിയിച്ചു കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിന്റെ 14.11.2000 ലെ 46/2000 നമ്പർ തീരുമാനപ്രകാരം ശ്രീമതി സീമ കെ. എന്നവരെ ദിവസക്കൂലിയടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായ നിയമിച്ചു ടിയാൾ 31.12.2001 വരെ തുടർച്ചയായും 2002, 2005, വർഷങ്ങളിൽ 6 മാസം വീതവും കാഷ്വൽ സ്വീപ്പറായി

സേവനത്തിൽ തുടർന്നിരുന്നു. 01.12.2007 മുതൽ ടിയാൾ തുടർച്ചയായി ജോലിചെയ്തുവരുന്നു. ശ്രീമതി. സീമയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് 21/05/2010 തീയതിയിൽ 44/2010 നമ്പരായി പഞ്ചായത്ത് തീരുമാനമെടുത്തിരുന്നു. പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടിയാളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മതിയായ രേഖകളടങ്ങിയ പൂർണ്ണമായ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കുന്നതിന് രേഖാമൂലം നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട രേഖകൾ ലഭിക്കാതിരുന്നതിനാലും പരാമർശം (2) സർക്കുലർ പ്രകാരം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ ടി സർക്കുലർ തീയതിക്ക് ശേഷം സമർപ്പിക്കരുതെന്ന് കർശന നിർദ്ദേശമുള്ളതിനാലും തുടർനടപടി സ്വീകരിച്ചിരുന്നില്ലെന്നും പരാമർശം (4 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്തിന്റെ സ്വീപ്പിംഗ് ഏരിയ 490.30 ച.മീ ആണെന്ന് നീലേശ്വരം പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി സീമയെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിന് 21/12/2017 തീയതിയിൽ 11(4) നമ്പരായി പഞ്ചായത്ത് തീരുമാനമെടുത്തു. കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം തസ്തിക സൃഷ്ടിച്ച് ആയതിൽ ശ്രീമതി സീമ കെ.യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ രേഖകൾ ലഭ്യമാക്കിയിരിക്കുന്നു.

3. ബഹു.ഹൈക്കോടതി വിധിന്യായ പ്രകാരം ശ്രീമതി സീമ കെ.യെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലിരിക്കെ സർക്കാർ കോടതി ഉത്തരവ് പാലിച്ചില്ലെന്ന് ആരോപിച്ച് ടിയാൾ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയും പരാമർശം (5) പ്രകാരം കോടതിയലക്ഷ്യ നോട്ടീസ് ലഭിക്കുകയുമുണ്ടായി.

4. പരാമർശം (1) ഉത്തരവിൽ കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഉത്തരവ് തീയതിയായ 25/11/2005 ൽ 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. ടി ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം ഭാവിയിലുണ്ടാകുന്ന ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമെ നിയമനം നടത്താൻ പാടുള്ളൂ. കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ 14.11.2000 മുതൽ 31.12.2001 വരെയും പിന്നീട് 2002, 2005 വർഷങ്ങളിൽ 6 മാസം വീതം മാത്രവുമാണ് ശ്രീമതി സീമ കെ ജോലി നോക്കിയിട്ടുള്ളത്. പരാമർശം (1) ഉത്തരവ് തീയതിയായ 25.11.2005 ൽ ശ്രീമതി സീമ. കെ തുടർച്ചയായി സേവനത്തിലുണ്ടായിരുന്നില്ല. കൂടാതെ പരാമർശം (1) പ്രകാരം നിലവിലുണ്ടായിരുന്ന കാഷ്വൽ സ്വീപ്പർമാരെ 21-01-2006 ന് മുമ്പായി സ്ഥിരപ്പെടുത്തുന്നതിനും അതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമെ നിയമനം നടത്താൻ പാടുള്ളൂ എന്ന വ്യവസ്ഥയും ലംഘിച്ചാണ് 01.12.2007 മുതൽ ടിയാൾ തുടർച്ചയായി ജോലിചെയ്തുവരുന്നത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ഉത്തരവ് തീയതിയിൽ (അതായത് 25/11/2005 ൽ) 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന

വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ 14.11.2000 മുതൽ 31.12.2001 വരെ തുടർച്ചയായും പിന്നീട് 2002, 2005 വർഷങ്ങളിൽ 6 മാസം വീതം മാത്രവുമാണ് ശ്രീമതി സീമ കെ ജോലി നോക്കിയിട്ടുള്ളത്. ആയതിനാൽ പരാമർശം (1) ഉത്തരവിലെയും പരാമർശം (2) സർക്കുലറിലെയും വ്യവസ്ഥകൾ പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് ടിയാരി അർഹയല്ല

6. മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്ന ശ്രീമതി സീമ.കെ യെ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തണമെന്ന Ext P5, Ext P11 കത്തുകളിലെ ആവശ്യം നിരസിച്ച് കൊണ്ടും അപ്രകാരം പരാമർശം (3) ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**
**അഡീഷണൽ സെക്രട്ടറി**

ശ്രീമതി. സീമ.കെ, W/o കെ. വി. ലക്ഷമണൻ, കാനത്തുംവാതിൽക്കൽ, ആലംതട്ട, വലിയപോയിൽ. പി.ഒ, ചെറുവത്തൂർ(വഴി) കാസർഗോഡ് ജില്ല - 671 313 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ് ജില്ല.
സെക്രട്ടറി, കയ്യൂർ - ചീമേനി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. DEV-1/68/2019 തീയതി 22.04.2019 പ്രകാരം).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/164/2018-LSGD/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ